# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുമണ്ണ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് – 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടുസഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി-3/1512/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ മെയിൽ-dokkd.ksad@kerala.gov.in
ഫോൺ-0495 2371012
തീയതി: 10.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

പെരുമണ്ണ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പെരുമണ്ണ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി-3/1512/17 തീയതി- 10.08.2017

# കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരംപുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 05.11.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ രാജൻ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.06.2017 മുതൽ 24.06.2017 വരെ<br>20.07.2017 മുതൽ 22.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശ്യാംജിത്ത് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദിശ.ആർ.കെ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി ഇന്ദുകല.സി.വി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കെ അജിത | 1.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.രാമചന്ദ്രൻ പി | 1.04.2016മുതൽ 21.11.2016 വരെ |
| | ശ്രീമതി.രതീദേവി.എം.എം അസി സെക്രട്ടറി ഇൻചാർജ്ജ് | 22.11.16 മുതൽ 23.1.17വരെ |
| | ശ്രീ. സാദിഖ് മഹമൂദ് | 23.1.17 മുതൽ 31.3.17വരെ |

| നിർവ്വഹണഉദ്യോസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| രതീദേവി.എം.എം. | അസിസ്റ്റന്റ് സെക്രട്ടറി | 1.04.2016മുതൽ 31.03.2017 വരെ |
| ശബ്ന എം എസ് | കൃഷി ഓഫീസർ | 1.04.2016മുതൽ 31.03.2017 വരെ |
| അജയ് കുമാർ എൻ | ഹെഡ് മാസ്റ്റർ | 1.04.2016 മുതൽ 1.06.2016 വരെ |
| അബ്ദുൾ ജലീൽ | | 1.06.2016മുതൽ 31.03.2017 വരെ |
| ശ്രീജിത് പി | അസി.എഞ്ചിനീയർ | 1.04.2016മുതൽ 31.03.2017 വരെ |
| റോമില എം | ഐ സി ഡിഎസ് സൂപ്പർവൈസർ | 1.04.2016 മുതൽ 6.06.2016 വരെ |
| നസ്രീന.ടി | | 6.6.16 മുതൽ 31.03.2017 വരെ |
| ജ്യോതി പി | വി ഇ ഒ | 1.04.2016മുതൽ 23.12.16വരെ |
| അഭിനേഷ് കുമാർ | | 23.12.16മുതൽ 31.3.17 വരെ |
| ഡോ.മിഥുല റോയ് | വെറ്ററിനറി സർജൻ | 1.04.2016മുതൽ 27.9.2016 വരെ |
| ഡോ.അനഘ | | 27.9.2016 മുതൽ 31.3.17 വരെ |
| ഡോ.ഷീബ കെ ജെ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 1.04.2016മുതൽ 31.03.2016 വരെ |
| ഡോ.ഗ്രേസി പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 1.04.2016മുതൽ 31.03.2017 വരെ |

## ഉള്ളടക്കം

| ഭാഗം I<br>പൊതു അവലോകനം | | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം II<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11. | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | ബിൽഡിംഗ് പെർമിറ്റ് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 2-2 |
| 13 | വസ്തു നികുതി – നിർണ്ണയവും, ഈടാക്കലും – അപാകതകൾ | 2-3(1) |
| 14 | നവകേരളം ഫുട്ട്‌വെയർ – ലോഡ്ജ്/അംസബ്ലി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 2-3(2) |
| 15 | ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ്, വഴി സൗകര്യം എന്നിവ രേഖപ്പെടുത്തുന്നു. | 2-3(3) |
| 16 | വസ്തു നികുതി വരവിനത്തിൽ 12,92,327/- – കുടിശ്ശിക | 2-3(4) |
| 17 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-4 |
| 18 | ആപത്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ – ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല | 2-5 |
| 19 | കെ.എസ്.ഇ.ബിക്ക് വാടകക്ക് നൽകിയ മുറികൾക്ക് 9 വർഷത്തോളമായിട്ടും വാടക നിശ്ചയിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തില്ല. | 2-6 |
| 20 | സേവന നികുതി ഈടാക്കുന്നില്ല. | 2-7 |
| 21 | ഇ-ടെണ്ടർ വരവുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്നില്ല. | 2-8 |
| ഭാഗം III<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 22 | ആയുർവ്വേദ ഡിസ്പെൻസറി വൈദ്യുതീകരണം – പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകത | 3-1 |
| 23 | പാലിന് സബ്സിഡി – മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട പരിധിയിൽ കവിഞ്ഞ് തുക നൽകിയതും മറ്റ് അപാകങ്ങളും | 3-2 |
| 24 | ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയില്ല – ആസ്തി നഷ്ടപ്പെടുന്നു. | 3-3 |
| 25 | പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം – ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചില്ല | 3-4 |
| 26 | ടാറിന് മാർക്കറ്റ് റേറ്റിനു മുകളിലുള്ള വിലക്ക് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു – ആദായ നികുതി ഈടാക്കിയതിൽ | 3-5 |

| | | |
|---|---|---|
| 27 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം – തുടർ പ്രൊജക്ടുകളില്ലാതെ അടച്ചിട്ടിരിക്കുന്നു. | 3-6 |
| 28 | പയ്യടി മീത്തൽ സ്കൂളിൽ കുഴൽ കിണർ നിർമ്മാണം – ഭൂജല വകുപ്പിന് കൈമാറിയ തുക പാഴായി | 3-7 |
| 29 | പാറ കമ്മ്യൂണിറ്റി ഹാൾ – വൈദ്യുതീകരണം – പ്രൊജക്ട് നടപ്പായില്ല | 3-8 |
| 30 | പശു വളർത്തൽ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-9 |
| 31 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – പ്രൊജക്ട് നടപ്പാക്കിയതിലെ അപാകത | 3-10 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലനം – ഗുണഭോക്തൃ വിഹിതം പിരിച്ചില്ല – വികസന ഫണ്ടിൽ നിന്നും തുക അടവാക്കിയതും വിനിയോഗിച്ചതുമായ വിവരമില്ല. | 3-11 |
| 33 | ചെക്ക് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു – മരുന്ന് ലഭിച്ചത് സ്റ്റോക്കിൽ ചേർത്തില്ല. | 3-12 |
| 34 | പി.എം.എ.വൈ അധിക വിഹിതം നൽകിയത് – കൈമാറിയ തുകക്ക് കൈപ്പറ്റ് രസീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചില്ല. | 3-13 |
| 35 | പി.എം.എ.വൈ അധിക വിഹിതം കൈമാറൽ (പട്ടികജാതി വിഭാഗം) – വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-14 |
| 36 | പെർഫോർമെൻസ് ഓഡിറ്റ് യൂണിറ്റ് ധനസഹായം – കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല | 3-15 |
| 37 | ഐ.എ.വൈ ഭവനപദ്ധതി – 2015-16-ലെ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച തുക നൽകൽ – വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 3-16 |
| 38 | രേഖകളും ഫീസിലിബിലിറ്റി റിപ്പോർട്ടുമില്ലാതെ കിണർ നിർമ്മാണം | 3-17 |
| **ഭാഗം IV**<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ വോട്ട് ഓൺ അക്കൗണ്ട് 8.3.16 ലെ 36/16 തീരുമാന പ്രകാരവും ബജറ്റ് 22.6.16 ലെ 71/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 12.07.2016 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22.7.2017 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 3705179

വരവ് - 42074518

ആകെ - 45779697

ചെലവ് - 41256483

നീക്കിയിരിപ്പ്- 4523214

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | അലോട്ട്മെന്റിൽ ചെലവഴിക്കാതെ പോയ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11864586 | 11864586 | 8445970 | 3418616 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3968187 | 3968187 | 2076279 | 1891908 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5604 | 5604 | | 5604 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3484474 | 3484474 | 2210007 | 1274467 | 0 |
| 13-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 6653779 | 6653779 | 3894345 | 2759434 | 0 |
| കാറ്റഗറി ബി ഫണ്ട് | | 38106840 | 38106840 | 38106840 | | |
| സംരക്ഷണഗ്രാന്റ് നോൺറോഡ്(കാറ്റഗറി | | 3082221 | 3082221 | 1767226 | 1314995 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സി) | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ്(കാറ്റഗറി സി) | | 3745137 | 3745137 | 642319 | 3102818 | 0 |

13767842 രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തൻവർഷം ഉപയോഗപ്പെടുത്തിയില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 67204887 | 94 | 24725306 | 33 | 65 | 38.36% |

## 1-7 തനത് വരുമാനം.

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.22% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3357842 | 4861775 | 1503933 | +44% |
| നികുതിയേതര വരവുകൾ | 1026669 | 1038293 | 11624 | +1.13% |
| മറ്റുവരവുകൾ | 160547 | 246123 | 85576 | 53% |
| ആകെ | 4545058 | 6146191 | 1601133 | 35.22% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 204720 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 3704540 | 412 |
| വിധവാപെൻഷൻ | 11994700 | 1099 |
| വാർദ്ധക്യകാലപെൻഷൻ | 17854845 | 1743 |
| വികലാംഗപെൻഷൻ | 2884845 | 294 |
| അവിവാഹിത പെൻഷൻ | 1163190 | 111 |
| വിവാഹ ധനസഹായം | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2017ന് 10 amന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.05.2017 | 03/2017 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.08.2010 -17.08.2010 | 05/2006-09/2010 | LBA(HQ)/V/BA/1662/ 10-20/9/2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016 – 17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ തരം തിരിച്ച്സൂക്ഷിച്ചിട്ടില്ല

2. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

3. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ V.A.T , ഇൻകംടാക്സ് , തൊഴിലാളി ക്ഷേമനിധി എന്നിവ അടച്ചത് ധനകാര്യപത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

5. 2016 -17 വർഷത്തെ O.B പരിശോധിക്കുമ്പോൾ എസ്.ബി.ടി വെസ്റ്റേൺ ഘാട്ട് എന്നപേരിലുള്ള അക്കൗണ്ടിൽ 75949 രൂപ മുൻബാക്കിയുള്ളതായി കാണുന്നു. 2016 -17 വർഷത്തെ CB യിൽ ഇതേ അക്കൗണ്ടിലെ നീക്കിയിരിപ്പ് " പൂജ്യം " എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭിച്ചിട്ടില്ല.

6. VPFA – II , VPFA – III , VPFA-III-4, VPFA-III-5, VPFA – IV – CFC Grant , VPFA – V – KLGSDP എന്നീ അക്കൗണ്ടുകളിലെ 2016-17 വർഷത്തെ C.B “പൂജ്യം " എന്നാണ് കാണിച്ചിരിക്കുന്നത് . എന്നാൽ ഈ അക്കൗണ്ടുകളുടെ സ്റ്റേറ്റുകൾ / പാസ്ബുക്കുകൾ പരിശോധനക്ക് ലഭിക്കാത്തതിനാൽ പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

7. പഞ്ചായത്തിന്റെ ടി.എസ്.ബി അക്കൗണ്ടിലെ 2016 -17 വർഷത്തെ C.B , ബാങ്ക് ബുക്ക് പ്രകാരം 2263991 രൂപയാണ്. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം പാസ്ബുക്ക് C.B ,2443991 രൂപയാണ് . എന്നാൽ ടി.എസ്.ബി അക്കൗണ്ടിന്റെ പാസ്ബുക്കിലെ CB 24.03.2017 ന ശേഷം എഴുതിയിട്ടില്ല. 24.03.2017 ലെ CB 2533749 രൂപയാണ്.

8. ഓഡിറ്റ് റിക്കവറി ഇനത്തിൽ 250 രൂപ 11601103406 / 22.08.2016 ലെ രശീത് പ്രകാരം അടച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം വാർഷിക കണക്കുകളിലെ ഇതെയിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. പഞ്ചായത്തിന്റെ 2016-17 വർഷത്തെ ഡെപ്പോസിറ്റ് രജിസ്റ്റർ അബ്സ്ട്രാക്റ്റ് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| ഡിമാൻഡ് (രൂ) | റീഫണ്ട്(രൂ) | ബാലൻസ്(രൂ) |
|---|---|---|
| 619777 | 92206 | 527571 |

എന്നാൽ തൻവർഷത്തെ വാർഷിക കണക്കുകളിൽ ഡെപ്പോസിറ്റ് സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങളാണ്

രേഖപ്പെടുത്തിയിട്ടുള്ളത്.

| ഷെഡ്യൂൾ നമ്പർ RP 34 (Receipt Side ) (രൂ) | ഷെഡ്യൂൾ നമ്പർ RP 34 ( Payment Side ) (രൂ) | Balance Sheet ഷെഡ്യൂൾ നമ്പർ B7 (രൂ) |
|---|---|---|
| 61668 | 52043 | 524571 |

10. പഞ്ചായത്തിന്റെ 2016 – 17 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ അബ്സ്ട്രാക്റ്റ് പ്രകാരം നല്കിയിട്ടുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| ഡിമാൻഡ് (രൂ) | കലക്ഷൻ (രൂ) | ബാലൻസ് (രൂ) |
|---|---|---|
| 505638 | 481009 | 24629 |

എന്നാൽ തൻവർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന വിവരങ്ങളാണ് നല്കിയിരിക്കുന്നത് .

| ഷെഡ്യൂൾ നമ്പർ RP 47 (Receipt Side ) (രൂ) | ഷെഡ്യൂൾ നമ്പർ RP 47 ( Payment Side ) (രൂ) | ഷെഡ്യൂൾ നമ്പർ B 18 (രൂ) |
|---|---|---|
| 928667 | 922787 | 24629 |

11. 2016 -17 വർഷത്തെ വാർഷിക കണക്കുകളിൽ RP 43 (Receipt Side ) ഷെഡ്യൂളിൽ നല്കിയിട്ടുള്ള താഴെപ്പറയുന്ന വിവരങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ഇനം | തുക (രൂ) |
|---|---|
| Receivables for Property Tax on Residential Buildings (Arrears ) | 935713 |
| Receivables for Property Tax on Non – Residential Buildings ( Arrears ) | 12978 |

ആകെ: 948691 രൂപ

എന്നാൽ 25.7.2016 തിയ്യതിയിലെ എ1 – 6974 / 2016 നമ്പർ പ്രകാരമുള്ള പഞ്ചായത്തിന്റെ 2015 -16 വർഷത്തെ വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നമ്പർ B 15 പ്രകാരം

" Sundry Debtors ( Receivables ) "എന്ന ഇനത്തിൽ 376305 രൂപ മാത്രമേ വരുന്നുള്ളൂ.

12. 2016 -17 വർഷത്തെ " Sale of Tender Forms “ രജിസ്റ്ററിലെ അബ്സ്ട്രാക്റ്റ് പ്രകാരം നല്കിയിട്ടുള്ള വിവരങ്ങൾ താഴെപ്പറയുന്നു.

| ഡിമാൻഡ് (രൂ) | കലക്ഷൻ (രൂ) | ബാലൻസ് (രൂ) |
|---|---|---|
| 29790 | 29790 | Nil |

എന്നാൽ തൻവർഷത്തെ വാർഷിക കണക്കുകളിലെ RP – 5 ഷെഡ്യൂൾ പ്രകാരം നല്കിയ തുക 139120 രൂപയാണ്.

13. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2016 – 17 വർഷത്തെ , ജീവനക്കാരുടെ തൊഴിൽ നികുതി എന്ന ഇനത്തിൽ ആകെ ഡിമാൻഡ്/ കലക്ഷൻ 831020 രൂപയാണ് . എന്നാൽ വാർഷിക കണക്കുകളിലെ I – 1 , RP – 1 സ്റ്റേറ്റുമെന്റുകളിൽ കാണിച്ചിരിക്കുന്ന തുക 821470 രൂപ എന്നാണ് .

14. ആശ്രയ ചലഞ്ച് ഫണ്ട് ആയി 20.06.2016 തിയ്യതിയിലെ 15111188 നമ്പർ ചെക്ക് പ്രകാരം 260464 രൂപ പഞ്ചായത്ത് തനത്ഫണ്ടിൽ 11.07.2016 തിയ്യതി വരവ് വെച്ചിട്ടുണ്ട്. ഈ തുക ഇപ്പോഴും തനത് ഫണ്ടിലാണ് ഉള്ളത്. എന്നാൽ ഈ ഇനം 2016-17 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റിൽ ബി - 9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 ബിൽഡിങ്ങ് പെർമിറ്റ് ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016 -17 വർഷത്തെ DCB ഓഡിറ്റിനോടനുബന്ധിച്ച് 22.07.2017 തിയ്യതിയോടെ റിക്വിസിഷൻ നല്കിയിരുന്നു എങ്കിലും താഴെപ്പറയുന്ന ബിൽഡിങ് പെർമിറ്റ് ഫയലുകൾ പരിശോധനക്ക് ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | ബിൽഡിങ് പെർമിറ്റ് നമ്പർ | അപേക്ഷകൻ | ബി.എ.ആർ പ്രകാരം<br>അപേക്ഷയുടെ കറന്റ് നമ്പർ |
|---|---|---|---|
| 1. | ബി.എൽ. 30 / 16 – 17 തിയ്യതി 07.05.2016 | നഷീദ സുലൈമാൻ, ഡയറക്ടർ,ഹൈലൈറ്റ് കൺസ്ട്രക്ഷൻ ഗ്രൂപ്പ്.തൊണ്ടയാട് ബൈപ്പാസ്. | 4549 / 16 തിയ്യതി 16.04.16 |
| 2. | ബി.എൽ. 31 / 16-17 തിയ്യതി 07.05.2016 | „ | 4550 / 16 തിയ്യതി 16.04.16 |
| 3. | പെർമിറ്റ് നല്കിയിട്ടില്ല | പി.ശശിധരൻ ,<br>നവകേരള ഫുട് വെയർ,<br>കണ്ണാടിക്കുളം , കൊളത്തറ | 5642 / 16<br>തിയ്യതി 03.06.16 |
| 4. | ബി.എൽ.142 /16-17 22.08.2016 | മരക്കാർ , നടുക്കണ്ടി,<br>പൊക്കുന്ന്. | 6026 / 16 തിയ്യതി 17.06.16 |
| 5. | ബി.എൽ.168 / 16-17 തിയ്യതി 29.07.16 | സുധീർബാബു , കട്ടക്കളത്തിൽ , പെരുമണ്ണ | 6611 / 16 തിയ്യതി 08.07.16 |

ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-3- 1 വസ്തു നികുതി- നിർണ്ണയവും, ഈടാക്കലും - അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 203, 207, 208, 254 എന്നീ വകുപ്പുകളിലായാണ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയെ സംബന്ധിച്ച അടിസ്ഥാന കാര്യങ്ങൾ പ്രതിപാദിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട നിലവിൽ വന്ന ചട്ടമാണ് 28.03.1996 ലെ സ.ഉ (അ) നം.73/96/ത.ഭ.വ പ്രകാരം പുറപ്പെടുവിച്ച 1996 ലെ കെട്ടിട നികുതിയും അതിൻ മേലുള്ള സർചാർജ്ജും ചട്ടങ്ങൾ. ഇത് പ്രകാരം കെട്ടിടങ്ങളുടെ വാർഷിക വാടക മൂല്യത്തെ അടിസ്ഥാനമാക്കിയാണ് വസ്തു നികുതി കണക്കാക്കിയിരുന്നത്. തുടർന്ന് സർക്കാർ ഉത്തരവ് 20/2011/ ത.സ്വ.ഭ 14.01.2011 പ്രകാരം 2011 ഏപ്രിൽ 1 പ്രാബല്യത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നു. ഇത് പ്രകാരം തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് ഈ ചട്ടപ്രകാരം വസ്തുനികുതി കണക്കാക്കുന്നത്. 01.04.2013 പ്രാബല്യത്തിൽ മാത്രമേ ഗ്രാമപഞ്ചായത്തുകളിൽ വസ്തു നികുതി പരിഷ്കരണം നിലവിൽ വന്നുള്ളൂ. നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ വസ്തുനികുതി ഈടാക്കുന്നത് ഈ ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടത്തിന്റെയും ഒരു ചതുരശ്രമീറ്റർ തറ വിസ്തീർണ്ണത്തിന് 203(2) വകുപ്പ് പ്രകാരം സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 4(4) പ്രകാരം ഗ്രാമ പഞ്ചായത്ത് അന്തിമമായി നിശ്ചയിക്കുന്ന അടിസ്ഥാന നികുതി നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും അവ പ്രാബല്യത്തിലിരിക്കുന്ന കാലയളവും വ്യക്തമാക്കുന്ന ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ 26.09.2011

തീയതിയിൽ പ്രഥമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. 27.12.2011 ന് ഇതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ സ്ഥാപന തലത്തിൽ തീർപ്പാക്കുകയും, 14.01.2012 ന് വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ചട്ടം 10 അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളും മേഖലകൾ, റോഡുകൾ എന്നിവയുടെ തരം തിരിവ് നിശ്ചയിച്ചശേഷം അടിസ്ഥാന വസ്തു നികുതി, വാർഷിക വസ്തു നികുതി എന്നിവ കെട്ടിട ഉടമകൾക്ക് സ്വയം നിർണ്ണയിക്കുന്നതിനായി പൊതു നോട്ടീസ്(വകുപ്പ് 203(10)) സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. തുടർന്ന് കെട്ടിടഉടമ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളുമടങ്ങിയ വസ്തു നികുതി റിട്ടേൺ നോട്ടീസിൽ ആവശ്യപ്പെടുന്ന സമയ പരിധിക്കകം സമർപ്പിക്കേണ്ടതുമാണ്. ഇങ്ങനെ സമർപ്പിക്കുന്ന വിവരങ്ങളിന്മേൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ 6 മാസത്തിനകം പ്രാദേശിക പരിശോധന നടത്തി ഫാറം 6 ൽ ശേഖരിച്ച് വസ്തുനികുതി നിർണ്ണയിക്കേണ്ടതും ഈ വിവരങ്ങൾ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല, വഴിസൗകര്യം, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം,തറനിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതി നിർണ്ണയിക്കുന്നത്. 5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തിതിയുള്ളതമായ കെട്ടിടങ്ങൾക്ക്15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% അടിസ്ഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്.

നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല. . പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ട കാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വീതി, ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതായി കാണുന്നില്ല.

സ.ഉ. (എം എസ്) നം. 144/2015 തസ്വഭവ തി. 27.4.2015 പ്രകാരം 60 ച. മീ. (660 സ്ക്വയർ ഫീറ്റ്) വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015- 16 സാമ്പത്തികവർഷം മുതൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്(കുടുംബനാഥൻ സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന സംഗതികളിൽ). ഇത്തരത്തിലുള്ള ഏതാനം കെട്ടിടങ്ങളുടെ കാര്യത്തിൽ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങളുടെ പരിശോധന നടത്തിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കേണ്ട കെട്ടിടങ്ങളിൽ ചിലതിന് വസ്തുനികുതി കണക്കാക്കുകയും, ഡിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ചിലവ ഒഴിവാക്കുകയും ചെയ്തിട്ടുമുണ്ട്. സത്യവാങ്മൂലം സമർപ്പിച്ചവരുടെ കാര്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-3-2 നവകേരളം ഫൂട്ട് വെയർ- ലോഡ്ജ്/അസംബ്ലി കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

ശ്രീ. ശശിധരൻ, നവകേരളം ഫൂട്ട് വെയർ എന്നവരുടെ വ്യാവസായിക വിനിയോഗ ക്രമത്തിലുള്ള 8/625C1 മുതൽ 8/625O വരെയുള്ള കെട്ടിടത്തിലെ 625C1 മുതൽ 625N വരെയുള്ള മുറികൾക്ക് ലോഡ്ജ് എന്ന രേഖപ്പെടുത്തി ആയതിന്റെ നിരക്ക്(20/-) അടിസ്ഥാനപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വ്യവസായ കെട്ടിടത്തിന്റെ നികുതി (30/-)നിർണ്ണയിച്ചിരുന്നെങ്കിൽ (625O വ്യവസായ യൂണിറ്റ്)ഉണ്ടാകുമായിരുന്ന വ്യത്യാസം ചുവടെ ചേർക്കുന്നു.

മേഖല : ദ്വതീയം

റോഡ് : പാറമ്മൽ

വഴി സൗകര്യം : 5 മീറ്ററും അതിൽ കൂടുതലും

ഇളവ് : 10%

വർദ്ധനവ് : 20%

| റൂം നം | തറ | സഞ്ചയപ്രകാരം നിർണ്ണയിച്ച | വ്യവസായ കെട്ടിടത്തിന്റെ | ഇളവുകളും വർദ്ധനവും | കുറവ് |
|---|---|---|---|---|---|

| | വിസ്തീർണ്ണം | വസ്തു നികുതി 20/- (ലൈബ്രറി സെസ്സ് ഉൾപ്പടെ) | നികുതി(30/-) | കഴിഞ്ഞ് നികുതി | |
|---|---|---|---|---|---|
| 8/625 C1 | 56.31 | 1301 | 1690 | 1952 | 651 |
| 8/625 D | 56.31 | 1301 | 1690 | 1952 | 651 |
| 8/625 E | 56.31 | 1301 | 1690 | 1952 | 651 |
| 8/625 F | 56.31 | 1301 | 1690 | 1952 | 651 |
| 8/625 G | 70.00 | 1323 | 2100 | 2382 | 1,059 |
| 8/625 H | 70.46 | 1333 | 2114 | 2398 | 1,065 |
| 8/625 I | 56.31 | 1301 | 1690 | 1952 | 651 |
| 8/625 J | 56.31 | 1301 | 1690 | 1952 | 651 |
| 8/625 K | 56.32 | 1302 | 1690 | 1952 | 650 |
| 8/625 L | 56.32 | 1302 | 1690 | 1952 | 650 |
| 8/625 M | 56.32 | 1302 | 1690 | 1952 | 650 |
| 8/625 N | 56.33 | 1302 | 1690 | 1952 | 650 |
| 8/625 O | 556.16 | 14,600 | 22,247 | 23,360 | 8,760 |
| ആകെ | | | | | 17,390/- |

കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ച് നിരക്ക് നിർണ്ണയിച്ചതിലെ അപാകത മൂലം കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 2-3-3 ഒരേ കെട്ടിടത്തിന് വ്യത്യസ്ത റോഡ്, വഴി സൗകര്യം എന്നിവ രേഖപ്പെടുത്തുന്നു

2. ശ്രീ. ശശിധരൻ, നവകേരളം ഫുട്ട് വെയർ എന്നവരുടെ ദ്വതീയ മേഖലയിലുള്ള വ്യാവസായിക വിനിയോഗ ക്രമത്തിലുള്ള 8/625C1 മുതൽ 8/625O വരെയുള്ള കെട്ടിടത്തിലെ റോഡ് , വഴി സൗകര്യം എന്നിവ താഴെ പറയും പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| റൂം നം. | റോഡ് | വഴി സൗകര്യം |
|---|---|---|
| 8/625 C1 | പാറമ്മൽ | 5 മീറ്ററും അതിൽ കൂടുതലും |
| 8/625 D | | |
| 8/625 E | | |
| 8/625 F | | |
| 8/625 G | പാറയ്ക്കൽ താഴം നെരാട്ട് കുന്ന് | 1.5 മീറ്ററിൽ കൂടുതൽ |
| 8/625 H | | |

| | | |
|---|---|---|
| 8/625 I | പാറമ്മൽ | 5 മീറ്ററും അതിൽ കൂടുതലും |
| 8/625 J | പെരുമണ്ണ ഊർക്കടവ് റോഡ് | |
| 8/625 K | | |
| 8/625 L | | |
| 8/625 M | | |
| 8/625 N | | |
| 8/625 O | | |

ഇതിൽ 625 G, H എന്നിവയിൽ വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് ഒഴിവാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. അപാകത പരിഹരിച്ച് ചട്ടപ്രകാരമുള്ള വർദ്ധനവ് വരുത്തി വസ്തുനികുതിയിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## **2-3-4** <u>വസ്തു നികുതി വരവിനത്തിൽ **12,92,327/-** കുടിശ്ശിക</u>

ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തുനികുതി. പഞ്ചായത്ത് രാജ് നിയമങ്ങളിലും, ചട്ടങ്ങളിലും, വ്യവസ്ഥ ചെയ്യുന്ന പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കാനും, ഓരോ കെട്ടിടത്തിന്റെയും ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ചുമത്തുകയും വേണം. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളിൽ നിന്നും ഈടാക്കിയ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ നിന്നും 18 വാർഡുകളിൽ നിന്നായി 12,92,327/- രൂപ കുടിശ്ശികയിനത്തിൽ(തൻവർഷ കുടിശ്ശിക 4,78,972/- ഉൾപ്പടെ) ഈടാക്കുവാനുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് നം | നികുതി ദായകരുടെ എണ്ണം | പിരിച്ചെടുക്കേണ്ട തുക | | | പിരിച്ചെടുത്ത തുക | | | ബാലൻസ് |
|---|---|---|---|---|---|---|---|---|
| | | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | |
| 1 | 687 | 1,18,217 | 1,58,009 | 2,76,226 | 74,281 | 1,38,513 | 2,12,794 | 63,432 |
| 2 | 786 | 90,810 | 1,72,421 | 2,63,231 | 61,668 | 1,43,304 | 2,04,972 | 58,259 |
| 3 | 624 | 62,951 | 1,51,647 | 2,14,598 | 24,280 | 1,23,690 | 1,47,970 | 66,628 |
| 4 | 1,079 | 1,98,084 | 4,50,539 | 6,48,623 | 1,40,020 | 3,70,294 | 5,10,314 | 1,38,309 |
| 5 | 711 | 1,32,903 | 1,61,549 | 2,94,452 | 56,105 | 1,10,807 | 1,66,912 | 1,27,540 |
| 6 | 614 | 74,733 | 1,17,960 | 1,92,693 | 36,801 | 83,482 | 1,20,283 | 72,410 |
| 7 | 661 | 46,271 | 1,23,526 | 1,69,797 | 26,337 | 1,06,270 | 1,32,607 | 37,190 |
| 8 | 796 | 1,39,517 | 2,41,703 | 3,81,220 | 54,206 | 1,83,606 | 2,37,812 | 1,43,408 |
| 9 | 658 | 87,978 | 1,58,665 | 2,46,643 | 44,547 | 1,23,240 | 1,67,787 | 78,856 |
| 10 | 638 | 51,088 | 1,05,344 | 1,56,432 | 34,211 | 83,827 | 1,18,038 | 38,394 |
| 11 | 867 | 1,13,256 | 3,35,903 | 4,49,159 | 1,03,217 | 2,82,439 | 3,85,656 | 63,503 |
| 12 | 621 | 86,991 | 1,61,770 | 2,48,761 | 59,765 | 1,28,410 | 1,88,175 | 60,586 |
| 13 | 809 | 91,934 | 3,10,187 | 4,02,121 | 77,046 | 2,60,115 | 3,37,161 | 64,960 |
| 14 | 601 | 44,717 | 83,759 | 1,28,476 | 30,309 | 62,533 | 92,842 | 35,634 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 15 | 639 | 91,549 | 2,53,047 | 3,44,596 | 36,188 | 2,08,582 | 2,44,770 | 99,826 |
| 16 | 565 | 51,744 | 96,739 | 1,48,483 | 39,679 | 81,567 | 1,21,246 | 27,237 |
| 17 | 525 | 53,005 | 1,31,955 | 1,84,960 | 27,778 | 97,063 | 1,24,841 | 60,119 |
| 18 | 577 | 39,870 | 1,27,606 | 1,67,476 | 22,253 | 89,187 | 1,11,440 | 56,036 |
| ആകെ | | 1575618 | 3342329 | 4917947 | 948691 | 2676929 | 3625620 | 12,92,327 |

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാവുന്ന തീയ്യതി മുതൽ മൂന്ന് വർഷം കഴിഞ്ഞാൽ ഈ തുക കാലഹരണപ്പെടും. കാലഹരണപ്പെട്ട തുക ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെങ്കിൽ 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കാൻ വകുപ്പ് 243(3)ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ കുടിശ്ശിക തുക കാലതാമസമില്ലാതെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 തൊഴിൽനികുതി പിരിവിലെ അപാകതകൾ

2016-17 ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കിയില്ല

| ക്രമ നം | സ്ഥാപനം | ഉദ്യോഗസ്ഥന്റെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ഫൈറ്റർ ചപ്പൽസ് II Half | ശ്രീമതി.രാഷിനി, അക്കൗണ്ടന്റ് | 30,000/- | 300/- | 180/- | 120/-<br>5947/ 28.02.2017 |
| 2. | | ശ്രീമതി.ഷൈനി, അക്കൗണ്ടന്റ് | 3,000/- | 300/- | 180/- | 120/-<br>5947/ 28.02.2017 |
| 3 | ഗ്രാമ പഞ്ചായത്ത് കാര്യാലം II Half | ശ്രീമതി.നീതു. സി.എം, ടെക്നിക്കൽ അസിസ്റ്റന്റ് | 21,000*6 =1,26,000/- | 1,250/- | 1,000/- | 250/- |
| 4 | നവകേരളം ഫൂട്ട് വേർ പ്രൈവറ്റ് ലിമിറ്റഡ് | ദിവാൻ, സൂപ്പർവൈസർ | 1,01,088/- | 1,000/- | 750/- | 250/- |
| 5 | | വേലായുധൻ കുട്ടി, കട്ടർ | 60,668/- | 600/- | 450/- | 150/- |
| ആകെ | | | | | | 890/- |

2. ഡിമാൻഡ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അർദ്ധവാർഷിക വരുമാനം ഉൾപ്പടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. തൊഴിൽനികുതി - വാണിജ്യ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

1994 ലെ കെ. പ. രാ നിയമത്തിലെ വകുപ്പ് 205(ബി) പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഏതെങ്കിലും കെട്ടിടത്തിന്റെയോ, ഭൂമിയുടെയോ ഉടമസ്ഥനോടോ അല്ലെങ്കിൽ കൈവശക്കാരനോടോ സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഇതേ നിയമം 205(സി), 205(എഫ്),

1996 ലെകേ.പ.രാ ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുന്നതിനും , ഓരോ അർദ്ധവർഷവും, മെയ് മാസത്തിലും, നവംബർ മാസത്തിലും ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തുന്നതിനും തൊഴിൽ നികുതി അടയ്ക്കുന്നതിനുമായി സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും, വാണിജ്യസ്ഥാപനങ്ങളുടെ കാര്യത്തിൽ ഇത്തരത്തിൽ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നതായും കണ്ടില്ല. ഡി. ആന്റ്. ഒ ലൈസൻസ് ഫീ അടവാക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്യുന്നത്. ഈ പ്രവണത ഒഴിവാക്കി തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺഓവർ കാണിക്കുന്ന പത്രികകൾ സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും, വരുമാന പത്രികയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, ക്രമ നം( 1) പ്രകാരം കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 2-5 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ, 542 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2016 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 172 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

ചട്ടങ്ങളിൽ പറയുന്ന പ്രകാരമല്ലാതെ ലൈസൻസ് പുതുക്കി നൽകിയതിന് വിശദീകരണം നൽകേണ്ടതും, സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതുമാണ്.

മറ്റ് അപാകതകൾ

1. ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

മുഹമ്മദ് നൈസെഫ്, ഹനീഫ മൻസിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 'മൊഡ്യൂൾസ് ഇന്റീരിയർസ്' എന്ന സ്ഥാപനത്തിന്റെ വിറ്റുവരവ് 15,00/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് ആനുപാതികമായലൈസൻസ് ഫീ. 300/- രൂപ. എന്നാൽ ഈടാക്കിയിരിക്കുന്നത് 100/- രൂപയാണ്. (4716/13.12.2016). കുറവ് വന്ന 200/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ചട്ട പ്രകാരമല്ലാതെ ലൈസൻസ് ഫീ പിരിക്കുന്നു

ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ചട്ടം 7 പ്രകാരമുള്ള ലൈസൻസ് ഫീ ചുമത്തിയതിൽ അപാകത കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ:

| സ്ഥാപനം | ശരാശരി വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|
| മിസാബുൽ പിന്റ് | 1,000/- | 200/- |
| ഫ്രണ്ട്സ് ഹോം നീഡ്സ് | 1,000/- | 100/- |

ഒരേ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്ക് പല തരത്തിൽ ലൈസൻസ് ഫീ വാങ്ങാതെ, ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

3. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

4. പല അപേക്ഷകളിലും ശരാശരി വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. പലതിലും അന്വേഷണ റിപ്പോർട്ടും ഇല്ല. മേൽ സാഹചര്യത്തിൽ പൂർണ്ണമല്ലാത്ത അപേക്ഷകളിന്മേൽ ശരാശരി വിറ്റുവരവിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കേണ്ട ലൈസൻസ് ഫീ നിർണ്ണയിച്ചത്എങ്ങനെ എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-6 കെ.എസ്.ഇ.ബി.ക്ക് വാടകയ്ക്ക് നല്കിയ മുറികൾക്ക് ഒൻപത് വർഷത്തോള മായിട്ടും വാടക നിശ്ചയിക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 11/622,11/632 എന്നീ മുറികൾ കെ.എസ്.ഇ.ബി.ക്ക് 1.2.2008 മുതൽ വാടകയ്ക്ക് കൈമാറിയിരുന്നു. വാടക നിശ്ചയിക്കുകയോ കെഎസ്ഇബി യുമായി വാടകക്കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. 2012-13 ലും 14-15 ലും ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇക്കാര്യം പരാമർശിച്ചിരുന്നുവെങ്കിലും ഓഡിറ്റ് നടക്കുന്ന 22.7.2017 ലും വാടക നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് വസ്തു ആർജ്ജിക്കലും കൈമാറ്റലും ചട്ടങ്ങൾ പാലിക്കാതെ പഞ്ചായത്തിന്റെ സ്ഥാവര സ്വത്തുക്കൾ കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണ്.

കൂടാതെ 11/623 , 639, 640 എന്നീ മുറികൾ ലേലം നടത്താതെ ഒഴിച്ചിട്ടിരിക്കുകയാണ് തനത് ഫണ്ട് താരതമ്യേന കുറവായ പഞ്ചായത്തിലെ വരുമാന മാർഗ്ഗങ്ങൾ പരമാവധി ഉപയോഗപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-7 സേവനനികുതി ഈടാക്കുന്നില്ല

2016-17 വർഷത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 5 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടവാടക ഇനത്തിൽ 54648 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന് സർവ്വീസ് ടാക്സ് ഈടാക്കുന്നില്ല. സ്ഥാവര വസ്തുക്കളുടെ വാടകയിൻമേൽ 15% സേവനനികുതി ഈടാക്കണമെന്നിരിക്കെ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്. പഞ്ചായത്ത് നല്കുന്ന മറ്റു സേവനങ്ങൾക്ക് സർവ്വീസ് നികുതി പിരിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 2-8 ഇ- ടെണ്ടർ വരവുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്നില്ല

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷം 6 മരാമത്ത് പ്രവർത്തികൾക്ക് ഇ ടെണ്ടർ നടപടികൾ കൈകൊണ്ടിട്ടുണ്ട്. ആയത് പ്രകാരമുള്ള ടെണ്ടർ ഫോം ഫീ, പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് വരവ് വെച്ചിട്ടുള്ളത്. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ

പെരുമണ്ണ ഗ്രാമപഞ്ചായത്ത് ഇ ടെണ്ടർ പ്രവർത്തികൾക്ക് ടെണ്ടർഫീ ഇനത്തിൽ എത്ര രൂപ വരവുണ്ട് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേന പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ ഫീ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ആയുർവ്വേദ ഡിസ്പെൻസറി വൈദ്യുതീകരണം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 99 /17 |
| പ്രോജക്ടിന്റെ പേര് | ആയുർവ്വേദ-ഡിസ്പെൻസറി വൈദ്യുതീകരണം. |
| വകയിരുത്തിയ തുക | 181650 രൂപ |
| ചെലവഴിച്ച തുക | 87067 രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ഭരണാനുമതി | 92/16 തിയ്യതി 12.8.2016 |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 19 /16-17 തിയ്യതി 28.2.2017 , 87067 രൂപ |
| പൂർത്തിയാക്കിയ പ്രവൃത്തി മൂല്യം | 87067 രൂപ |
| പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ | ശ്രീ.മനോജ് .ടി.കെ , ചെറുകുളത്തൂർ പി.ഒ, കോഴിക്കോട്. |
| കരാറുകാരന് കൈമാറിയ തുക | 81842 രൂപ |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് ശ്രീ.കെ.ടി.മൂസ എന്ന ഭൂഉടമ സൗജന്യമായി വിട്ടുനല്കിയ 4 സെന്റ് സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിലേക്ക് സ്വതന്ത്രമായ വഴി ഇല്ല. ഇതേ ഭൂഉടമയുടെ കൈവശമുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതുമായ 12 സെന്റ് വയൽ നികത്തിയാണ് നിലവിൽ ഈ പ്ലോട്ടിലേക്ക് വഴി നിർമ്മിച്ചിരിക്കുന്നത്. ഈ ഭാഗം അനധികൃതമായി തരം മാറ്റിയതാണെന്നും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിക്കേണ്ടതാണെന്നും 6.02.2017 ലെ സി.1060/17 നമ്പർ റിപ്പോർട്ട് പ്രകാരം കോഴിക്കോട് റവന്യൂ ഡിവിഷനൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയുടെ രൂപാന്തരപ്പെടുത്തൽ കേരള തണ്ണീർത്തട സംരക്ഷണ നിയമം 2008 ലെ വകുപ്പ് 3 പ്രകാരം നിരോധിച്ചിട്ടുള്ളതാണ്.

ആർ.ഡി.ഒ യുടെ റിപ്പോർട്ടിനെത്തുടർന്ന് നടന്ന ജില്ല കലക്ടറുടെ വിചാരണയിൽ വിഷയം പരിശോധിക്കുകയും 9.6.2017 ലെ എൽ - 11 – 5210 / 17 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച കഴിഞ്ഞ ആശുപത്രി കെട്ടിടത്തിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും Special Permission ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് പെരുമണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വഴി വികസനം സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ഉണ്ടാകുന്നത് വരെ സ്ഥലത്ത് മറ്റൊരു വികസന പ്രവർത്തനവും പാടില്ല എന്നും അനുകൂലമായ സർക്കാർ ഉത്തരവ് ലഭ്യമാകാത്ത പക്ഷം സ്ഥലം പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്നും ജില്ല കലക്ടറുടെ ഉത്തരവിൽ പറയുന്നു.

പണി പൂർത്തിയായ ആശുപത്രി കെട്ടിടം നിലവിൽ കാട് മൂടി കിടക്കുകയാണ്. ഓഡിറ്റ് ടീം സ്ഥലം പരിശോധിച്ചതിൽ കെട്ടിടത്തിനകത്ത് നിരവധി ഫർണിച്ചർ , ആയുർവ്വേദ മരുന്ന പാക്കറ്റുകൾ എന്നിവ യാതൊരു പ്രയോജനവും ഇല്ലാതെ കിടക്കുന്നതായി കണ്ടെത്തി. 2016-17 വർഷത്തിൽ ഇലക്ട്രിക്കൽ വയറിങ് പൂർത്തിയാക്കി എങ്കിലും കെട്ടിടത്തിന് നമ്പർ നല്കുവാൻ സാധ്യമല്ലാത്തതിനാൽ വൈദ്യുത കണക്ഷൻ ലഭിച്ചിട്ടില്ല. വഴി നിർമ്മിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാകാത്ത സാഹചര്യത്തിൽ കെട്ടിടത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമായി പഞ്ചായത്ത് ചെലവഴിച്ച മുഴുവൻ തുകയും പാഴായി മാറുന്ന സ്ഥിതിയാണ്.

കെട്ടിടത്തിലേക്ക് വഴി നിർമ്മിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കൈക്കൊണ്ട നടപടികൾ വിശദീകരിക്കേണ്ടതാണ്. കൂടാതെ 2016 – 17 വർഷത്തിൽ കരാറുകാരന് കൈമാറിയ 81842 രൂപക്കുള്ള കൈപ്പറ്റ് രശീത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 2016 – 17 വർഷത്തിൽ വൈദ്യുതീകരണത്തിന് ചെലവഴിച്ച 87067 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 പാലിന് സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദിഷ്ട പരിധിയിൽ കവിഞ്ഞ് തുക നൽകിയതും മറ്റ് അപാകങ്ങളും

പ്രൊജക്ട് പാലിന് സബ്സിഡി 200/17

നിർവ്വഹണം വെറ്ററിനറി സർജ്ജൻ

അടങ്കൽ 50000 വികസന ഫണ്ട്

15000 തനത് ഫണ്ട്

400000 ബ്ലോക്ക് വിഹിതം

ചെലവ് 50000 ബിൽ നം. 10/16-17 31.3.17

15000 vr.8/16-17/29.3.17

400000 ചെക്ക് നം.961042/29.3.17

465000

ഗ്രാമപഞ്ചായത്തിനു കീഴിലെ പാൽ സൊസൈറ്റികളിൽ പാൽ അളന്ന ക്ഷീരകർഷകർക്ക് പാലിന്റെ അളവിനനുസരിച്ച് സബ്സിഡി നൽകുന്നതിനായാണ് പ്രോജക്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. 13.2.2017 ലെ സ.ഉ(സാധാ) 397/17/തസ്വഭവ പരിഷ്കരിച്ച സബ്സിഡി മാർഗ്ഗരേഖകൾ പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം 4 രൂപ മാത്രമേ നല്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ വകുപ്പ് തലത്തിൽ സബ്സിഡി നൽകിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തിയിട്ടില്ല.

2. മാർഗ്ഗ രേഖ പ്രകാരം ഒരു കർഷകന് പരമാവധി കൊടുക്കാവുന്ന തുക 20000/- രൂപയാണ്. എന്നാൽ പെരുമണ്ണ ക്ഷീരസംഘം നല്കിയ ലിസ്റ്റ് പ്രകാരം സബ്സിഡി നല്കിയപ്പോൾ കെ.ഇർഷാദ് എന്ന കർഷകന് 60043.20 (40043.20 അധികം) അമ്പിളി കിഴക്കയിൽ എന്ന കർഷകയ്ക്ക് 20139/- രൂപയും (139 അധികം) നല്കി. ആകെ പരിധിയിൽ കവിഞ്ഞ് 40182.20 രൂപ അധികമായി നല്കി.

3. പെരുമണ്ണ ക്ഷീരസംഘം നല്കിയ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് ആകെ നല്കാനുള്ള തുക 450451/- രൂപയാണ്. ഈ ലിസ്റ്റിനെ അടിസ്ഥാനമാക്കിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ തുകകൾ പിൻവലിച്ചത്. എന്നാൽ ആകെ പിൻവലിച്ചതും പെരുമണ്ണ ക്ഷീരസംഘം കൈപ്പറ്റ് രശീത് നല്കിയതും 465000 രൂപയ്ക്കാണ്. 14549 രൂപ അധികം പിൻവലിച്ച് ക്ഷീരസംഘത്തിന് നല്കിയിട്ടുണ്ട്.

4. കർഷകർ ആകെ അളന്ന പാലിന്റെ അടിസ്ഥാനമാക്കിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ സബ്സിഡി നിർണ്ണയിക്കേണ്ടത്. എന്നാൽ പെരുമണ്ണ ക്ഷീരസംഘം നല്കിയ ലിസ്റ്റിൽ ഓരോ കർഷകനും എത്ര ലിറ്റർ വീതം

പാലളന്നു എന്നത് രേഖപ്പെടുത്തിയിട്ടില്ല. ആയതിനു പകരം സബ്സിഡി തുകയും പേരും മാത്രം നല്കുകയാണ് ചെയ്യത്. സബ്സിഡി തുക ക്ഷീരസംഘം നിർണ്ണയിച്ചതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

5. മാർഗ്ഗരേഖപ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നല്കേണ്ടത്. എന്നാൽ ലിസ്റ്റിൽ പല കർഷകരുടെയും ബാങ്ക് അക്കൗണ്ട് നല്കിയിട്ടില്ല. ബാങ്ക് സീൽ ചെയ്തു നല്കിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത തുക കർഷകർക്ക് ലഭിച്ചുവെന്നതിന് തെളിവില്ല.

മേൽ കാണിച്ച പിഴവുകൾ ക്ലറിക്കൽ പിശകുകളാണെന്നും തെറ്റുതിരുത്തി ഫയലുകൾ ഹാജരാക്കുന്നതാണെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയത്. എന്നാൽ ആയത് ഹാജരാക്കിയിട്ടില്ല. പരിധിയിൽ കവിഞ്ഞ് നല്കിയ 40043/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന 424818/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കിയില്ല – ആസ്തി നഷ്ടപ്പെടുന്നു.

പ്രോജക്റ്റ് ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് 126/16

നിർവ്വഹണം അസി എഞ്ചിനീയർ

അടങ്കൽ 800000/- MG(NR)

ചെലവ് 562040/- ബിൽ 19/16-17 7.3.17

ഹോമിയോ ആശുപത്രിക്ക് മുകളിൽ ഒരു നില കൂടി നിർമ്മിക്കുന്നതിനും ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തത്.



മേൽ പ്രവൃത്തിയിൽ ആശുപത്രിക്ക് പൂർണ്ണമായി ചുറ്റുമതിലിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും (45 മീറ്റർ) 18മീറ്റർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്. ആശുപത്രി ചുറ്റുമതിൽ തുറന്നു കിടക്കുന്ന നിലയിലാണ്. ആശുപത്രിപ്രവർത്തി സമയം കഴിയുമ്പോൾ ട്രിപ്പ് അവസാനിപ്പിക്കുന്ന ബസ്സുകളും മറ്റ് വാഹനങ്ങളും പാർക്ക് ചെയ്യുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും ആശുപത്രി കെട്ടിടത്തിനടുത്താണ്. ആയതിനാൽ തന്നെ ഒരു ആശുപത്രിക്ക് വേണ്ടതായ ശുചിത്വം പാലിക്കാൻ സ്ഥാപനത്തിനു കഴിയുന്നില്ല. മേൽ സ്ഥാപനം കൈമാറിക്കിട്ടുമ്പോൾ 25 സെന്റ് സ്ഥലം പഞ്ചായത്തിനു കൈമാറിയിരുന്നു കൃത്യമായി അതിരു കെട്ടി തിരിച്ചിട്ടില്ലാത്തതിനാൽ മേൽ ആസ്തി നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്. ആശുപത്രിയുടെ പിൻവശത്ത് അതിർത്തി വരെ എംപിയുടെ ഫണ്ടുപയോഗിച്ച് റോഡ് കോൺക്രീറ്റ് ചെയ്തിരിക്കുന്നു. മേൽ റോഡ് വരുന്നതിനു മുൻപ് ആളുകൾ ഉപയോഗിച്ചിരുന്ന ഇടവഴി കാട്ടു മൂടി ഉപയോഗശൂന്യമായ നിലയിലും ഇരു വശത്തുമുള്ള ആളുകൾ കയ്യേറിയ നിലയിലുമാണ്. ആശുപത്രിയുടെ വളപ്പിലൂടെ റോഡായി ജനങ്ങൾ ഉപയോഗിച്ചു വരുന്നു. ഇത്തരത്തിലുള്ള കയ്യേറ്റം മൂലം ആശുപത്രിക്കായി കൈമാറിക്കിട്ടിയ സ്ഥലം ആശുപത്രി വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താൻ സാധിക്കാത്ത നിലയിലും ഭാവിയിൽ ആയത് പൂർണ്ണമായി നഷ്ടപ്പെടാവുന്ന നിലയിലുമാണ്. ആശുപത്രിക്ക് പിൻ വശത്തുള്ള ജനങ്ങൾക്ക് അവർ ആദ്യം ഉപയോഗിച്ചിരുന്ന ഇടവഴി സർവ്വേ നടത്തി അളവുകൾ തിട്ടപ്പെടുത്തി വികസിപ്പിച്ച് റോഡാക്കി മാറ്റി ഉപയോഗപ്പെടുത്താതെ ആയത് കാട്ടുമൂടി ഇരുവശത്തുമുള്ളവർ കയ്യേറാവുന്ന നിലയിലാക്കിയതിനും ആശുപത്രിക്കായി കൈമാറി കിട്ടിയ ഭൂമി കൃത്യമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാത്തതിനും വിശദീകരണം നല്കേണ്ടതാണ്. കൂടാതെ സ്ഥല പരിശോധന നടത്തിയപ്പോൾ ആശുപത്രിയുടെ വളപ്പിലേക്ക് തുറക്കുന്ന രീതിയിൽ സമീപത്തുള്ള ഒരു വീടിന്റെ ഗേറ്റ് സ്ഥാപിച്ചതായി കണ്ടു. കൃത്യമായ വഴിയില്ലാതെ വീടിന് പെർമിറ്റ് നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-4 പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം - ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി 2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.041 / 17 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിവാഹ ധനസഹായം |
| വകയിരുത്തിയ തുക | 7 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 650000 രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പറുകൾ , തുകകൾ | 1/16 തിയ്യതി 24.10.16 , 2 ലക്ഷം രൂപ<br>3/16 തിയ്യതി 21.01.17 , 150000 രൂപ<br>6/16 തിയ്യതി 15.03.17 , 2 ലക്ഷം രൂപ<br>8 / 16 തിയ്യതി 15.03.17 , 1 ലക്ഷം രൂപ |
| ഭരണാനുമതി | 3 / 17 തിയ്യതി 09.01.17 |
| അംഗീകാരം നല്കിയത് | ശ്രീ.പി.പ്രേംകുമാർ ,SCDO ,കുന്ദമംഗലം<br>21.01.16 ലെ scdo/gp/pmna/1/2016-17 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി. രതീദേവി എം.എം , അസിസ്റ്റന്റ് സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

ഓരോ ഗുണഭോക്താവിനും 50000 രൂപ വീതമാണ് ധനസഹായം വിതരണം ചെയ്തത്. തുക വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക നല്കിയതിന്റെ വിശദാംശം | കൈപ്പറ്റ് രശീതിന്റെ വിശദാംശം /തിയ്യതി |
|---|---|---|---|
| 1. | ശ്രീ. പ്രദീപ് കുമാർ ,<br>വള്ളിക്കാട്ടിൽ ,<br>പൂവത്തും പറമ്പ്. | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട്. | കൈപ്പറ്റ് രശീത് ഉണ്ട്.തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| 2. | ശ്രീ.ശിവദാസൻ ,<br>നെച്ചിയിൽതാഴം | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട്. | 23.03.17 |
| 3. | ശ്രീ.ബാബു.കെ.പി,<br>നെട്ടംപറമ്പിൽ വീട്<br>പന്തീരങ്കാവ് | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട്. | 07.03.17 |
| 4. | ശ്രീ.ചൂലൻ , | ബാങ്ക് അക്കൗണ്ടിലേക്ക് | കൈപ്പറ്റ് രശീത് ഉണ്ട്.തിയ്യതി |

| | | | |
|---|---|---|---|
| | കുന്നമ്മൽ, പെരുമണ്ണ | നേരിട്ട്. | രേഖപ്പെടുത്തിയിട്ടില്ല. |
| 5. | ശ്രീ.കെ.ചാത്തുണ്ണി , കമ്മങ്ങൽ മേത്തൽ , പുത്തൂർ മഠം. | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട്. | 10.03.17 |
| 6. | ശ്രീമതി.ശാന്ത.എം , മുണ്ടയിൽ മേത്തൽ, പെരുമണ്ണ | ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട്. | കൈപ്പറ്റ് രശീത് ഉണ്ട്.തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. |
| 7. | ശ്രീമതി.ദേവി കെ.പി , കണ്ണക്കാടൻ പൊയിൽ , പന്തീരങ്കാവ് | ഡി.ഡി നമ്പർ 795440 തിയ്യതി 03.02.17 | 08.02.17 |
| 8. | ശ്രീ.മോഹൻകുമാർ , അലുവങ്ങൽ മേത്തൽ പെരുമണ്ണ | ഡി.ഡി നമ്പർ 795346 തിയ്യതി 31.01.17 | 09.02.17 |
| 9. | ശ്രീ.സുധാകരൻ പി.കെ , പാണരുകണ്ടിയിൽ , പെരുമണ്ണ. | ഡി.ഡി നമ്പർ 795348 തിയ്യതി 31.01.17 | 06.02.17 |
| 10. | ശ്രീ.കുട്ടപ്പൻ പി.പി , പെരിങ്ങാട്ട് പറമ്പിൽ പെരുമണ്ണ | ഡി.ഡി നമ്പർ 379237 / 08.11.16 | 18.11.16 |
| 11. | ഈശ്വരി , വിളക്കുമഠത്തിൽ , പെരുമണ്ണ | ഡി.ഡി നമ്പർ 379239 / 08.11.16 | 18.11.16 |
| 12. | കൗസു.കെ , കുമ്മങ്ങൽ , പന്തീരങ്കാവ് | ഡി.ഡി നമ്പർ 379238 / 08.11.16 | 17.11.16 |
| 13. | പി.പി.വേലായുധൻ , പെരിങ്ങാട്ട് പറമ്പിൽ പെരുമണ്ണ | ഡി.ഡി നമ്പർ 379240 / 08.11.16 | 17.11. 16 |

എന്നാൽ ധനസഹായം നല്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ,അതാത് ഗ്രാമസഭകൾ അംഗീകരിച്ചതായി കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 6 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-5 ടാറിന് മാർക്കറ്റ് റേറ്റിനു മുകളിലുള്ള വിലയ്ക്ക് കോസ്റ്റ് ഇൻഡക്സ് അനുവദിച്ചു ; ആദായനികുതി ഈടാക്കിയതിൽ കുറവ്

(1) 2016-17 വർഷം നടത്തിയ ടാറിംഗ് പ്രവൃത്തികൾ VG-30 ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ചെയ്തത്. ഈ

ഗ്രേഡ് ബിറ്റുമിന്റെ ഡി.എസ്.ആർ നിരക്കായ ടണ്ണിന് 41000 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുന്ന തുകയുമാണ് വിവിധ പ്രവൃത്തികൾക്ക് നൽകിയത്. തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 13/02/2014ലെ ഡി.ബി.3/6512/2013/സി.ഇ നമ്പർ സർക്കുലർ പ്രകാരം മാർക്കറ്റ് നിരക്കിൻമേൽ കോസ്റ്റ് ഇൻഡക്സ് നൽകാൻ അനുവാദമില്ല. എന്നാൽ ഓഡിറ്റ് കാലയളവിൽ ടാറിന്റെ മാർക്കറ്റ് വില ഷെഡ്യൂൾ നിരക്കായ 41000 രൂപയിലും കുറവായിട്ടും ഷെഡ്യൂൾ നിരക്കിൻമേൽ കോസ്റ്റ്ഇൻഡക്സ് അനുവദിച്ചതായി കാണുന്നു. ഇതുവഴി പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്ര നം. | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നം, എഗ്രിമെന്റ് തിയ്യതി, സാങ്കേതി കാനുമതി ലഭിച്ച തിയ്യതി, എസ്റ്റിമേറ്റ് കരാറുകാരൻ | അളവുപുസ്തകം അവസാന ബിൽതുക, ബിൽ നമ്പർ | ചെയ്ത പ്രവൃത്തി (ഇനം), ഉപയോ ഗിച്ച് ടാർ | നൽകിയ തുക (കോസ്റ്റ് ഇൻഡക്സ് ഉൾ പ്പെടെ) | നൽകാ വുന്നത് | അധി കം നൽകിയ തുക(രൂ) |
|---|---|---|---|---|---|---|
| 1 | പഞ്ചായത്ത് ബസ് സ്റ്റാൻഡ് നവീകരണം പ്രൊജക്ട് നം.117/17 എഗ്രിമെന്റ് AEE/LSGD/PN/89 /15-16 തീ. 25.2.16<br>TS AEE/KBP 902/15-16 13.1.16<br>കരാറുകാരൻ ഭാരത് ലേബർ കോൺട്രാക്ട് സൊസൈറ്റി | എംബുക്ക് 59/15-16<br>400277/-,ബിൽ നമ്പർ<br>2/16-17 30.9.16<br>449750/-,ബിൽ നമ്പർ<br>1/16-17 30.9.16<br>67463 ചെക്ക് 1633438/ 17.9.16 | ടാക്ക് കോട്ട്<br>778.087 kg<br>(1037.45 x 0.75kg/ sqm)<br>ചിപ്പിംഗ് കാർപ്പറ്റ്<br>1493.928<br>(1037.45 x 144/100)<br>സീൽകോട്ട്<br>1016.70<br>(1037.45 x 98/100) | 3288.72 കി.ഗ്രാംX<br>41X1.381= 186210.61 | 3288.72 കി.ഗ്രാംX<br>41=<br>134837.52 | 51373.90- |

2. ഓഡിറ്റ് വർഷത്തിൽ മേൽ പ്രവൃത്തി നടത്തിയതിന് ഭാരത് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് തുക നല്കിയിട്ടുണ്ട് . ആകെ പ്രവൃത്തിമൂല്യത്തിന്റെ 1%നിരക്കിൽ ആദായനികുതി ഈടാക്കിയാണ് തുക നല്കിയിരിക്കുന്നത് .(ആകെ പ്രവൃത്തി മൂല്യം 917490 x1% =9175) ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിലാണ് ആദായനികുതി ഈടാക്കേണ്ടത്.നികുതി ഈടാക്കിയതിൽ കുറവ് വന്നതിനാൽ താഴെ പറയും പ്രകാരം 9175/- രൂപയുടെ നഷ്ടം കേന്ദ്രസർക്കാരിനുണ്ടാവുകയും കരാറുകാരന് അർഹമായതിലധികം തുക നൽകാനിട വരികയും ചെയ്തു. ഓഡിറ്റ് എൻക്വയറി മുഖേന ഇക്കാര്യം ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് മേൽ തുക കരാറുകാരനിൽ നിന്ന് പിടിച്ചിട്ടുണ്ട് ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചതായി അസി.എഞ്ചിനീയർ അറിയിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ടാർ നിരക്ക് കണക്കാക്കിയതിലെ അപാകതകളുടെ അടിസ്ഥാനത്തിൽ 51373 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വനിതാ തൊഴിൽ പരിശീലന കേന്ദ്രം - തുടർ പ്രോജക്ടുകളില്ലാതെ അടച്ചിട്ടിരിക്കുന്നു

പ്രോജക്ട് വനിതാ തൊഴിൽ പരിശീലന കേന്ദ്രം.112/17

നിർവ്വഹണം അസി.എഞ്ചിനീയർ

അടങ്കൽ 500000/- FCG

ചെലവ് 402087/- ബിൽ 7/16-17 23.1.17

35345/- 6/16-17 23.1.17

437432

മേൽ പ്രോജക്ട് പ്രകാരം വനിതകൾക്കായി വ്യവസായങ്ങളാരംഭിക്കുന്നതിനു മുന്നോടിയായി തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനായി ഒരു കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്. പുത്തൂർമഠം അംഗൻവാടിക്ക് മുകളിലാണ് കേന്ദ്രം നിർമ്മിച്ചത്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായിട്ടും മേൽകേന്ദ്രത്തിൽ പരിശീലന പരിപാടികൾ നടത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ പരിശീലനത്തിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടില്ല. മേൽ പരിശീലന കേന്ദ്രം നിർമ്മാണം പൂർത്തിയാക്കി അടച്ചിട്ട നിലയിലാണ്. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ഇത്തരം കേന്ദ്രങ്ങൾ നിർമ്മിച്ച് നിഷ്ക്രിയ ആസ്തിയാക്കി മാറ്റുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-7 പയ്യടിമീത്തൽ സ്കൂളിൽ കുഴൽകിണർ നിർമ്മാണം - ഭൂജല വകുപ്പിന് കൈമാറിയ തുക പാഴായി

2016 -17 വർഷത്തിൽ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം പയ്യടിമീത്തൽ സ്കൂളിൽ ഒരു കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന് തുക കൈമാറിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 63/17 |
| പ്രോജക്ടിന്റെ പേര് | പയ്യടിമീത്തൽ സ്കൂളിന് കുഴൽകിണർ നിർമ്മാണം |
| വകയിരുത്തിയ തുക | 55000 രൂപ |
| ചെലവഴിച്ച തുക | 34200 രൂപ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് . |
| ഭരണാനുമതി | 92/16 12.8.2016 |
| അംഗീകാരം നല്കിയത് | ശ്രീ.കെ.മുരളീധരൻ ഡിഡിപി. 22.08.2016 ലെ 8 / 16-17 ഉത്തരവ് പ്രകാരം. |
| ട്രഷറി ബിൽ നമ്പർ / തിയ്യതി , തുക | 12 / 28.12.2016 , 34200 രൂപ |
| തുക കൈമാറിയ ചെക്ക് നമ്പർ | 795105 / 7.01.2017 , 34200 രൂപ |
| തുക കൈപ്പറ്റിയത് | ജില്ല ഓഫീസർ , ഭൂജലവകുപ്പ് , കോഴിക്കോട് |
| കൈപ്പറ്റ് രശീത് | 12.1.2017 ലെ GW/KKD/T.2256/16 നമ്പർ കത്ത്. |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

ഭൂജല വകുപ്പ് കോഴിക്കോട് ജില്ല ഓഫീസറുടെ 19.11.2016 ലെ GW/KKD/T – 2256 / 2016 നമ്പർ കത്ത്

പ്രകാരമാണ് സ്കൂളിന്റെ അടുക്കളയിൽ നിന്നും 8.8 മീറ്റർ തെക്ക് ഭാഗത്തായി 110 m.m വ്യാസം , 85 മീറ്റർ ആഴം എന്നിങ്ങനെയുള്ള ഒരു കുഴൽകിണറിന് ശുപാർശ ചെയ്തത്. ഇതേ ഉദ്യോഗസ്ഥന്റെ 18.11.2015 ലെ GW/KKD/T – 2256 /2016 നമ്പർ കത്ത് പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 34200 രൂപയായി നിശ്ചയിച്ചു. തുക കൈമാറിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായോ , കൈമാറിയ തുകയുടെ വിനിയോഗ വിവരമോ ഹാജരാക്കിയില്ല. പ്രോജക്ട് മോണിറ്ററിങ് നടന്നിട്ടില്ല.

പ്രോജക്ട് പൂർത്തീകരിക്കുവാൻ കഴിയാത്ത പക്ഷം ഭൂജല വകുപ്പ് കൈപ്പറ്റിയ തുക തിരികെ ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 34200 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 പാറ കമ്മ്യൂണിറ്റി ഹാൾ - വൈദ്യുതീകരണം - പ്രോജക്ട് നടപ്പായില്ല

2016 – 17 വർഷത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ പ്രകാരം തുക കെ.എസ്.ഇ.ബിക്ക് കൈമാറിയതാണെങ്കിലും പ്രോജക്ട് നടപ്പായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 144 / 17 |
| പ്രോജക്ടിന്റെ പേര് | പാറ കമ്മ്യൂണിറ്റി ഹാൾ - വൈദ്യുതീകരണം |
| വകയിരുത്തിയ തുക | 125000 രൂപ |
| ചെലവഴിച്ച തുക | 122000 രൂപ |
| ഫണ്ട് | എസ്.സി.പി |
| ഭരണാനുമതി | 92/16 തിയ്യതി 12.08.2016 |
| അംഗീകാരം നല്കിയത് | ശ്രീ.ഷിബുഅലക്സ്ജോർജ്,A.Ex.E. 23.08.2016 ലെ PLAN/ESDKLM/16-17/01 ഉത്തരവ് പ്രകാരം. |
| കെ.എസ്.ഇ.ബി അസി.എക്സി.എഞ്ചിനിയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് നമ്പർ , എസ്റ്റിമേറ്റ് തുക | DB1 1841 / 2016 3.11.2016 , 122000 രൂപ |
| ബന്ധപ്പെട്ട ട്രഷറി ബിൽ നമ്പർ , തുക | 13 / 28.12.2016 , 122000 രൂപ |
| കെ.എസ്.ഇ.ബിയിലേക്ക് തുക കൈമാറിയ ചെക്ക് നമ്പർ | ബി.സി നമ്പർ 795223 / 23.01.2017<br>122000 രൂപ |
| കെ.എസ്.ഇ.ബി എക്സി.എഞ്ചിനിയറിൽ നിന്ന് ലഭിച്ച രശീത് തിയ്യതി | 08.03.2017 |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

കെ.എസ്.ഇ.ബി യിലേക്ക് തുക അടവാക്കിയെങ്കിലും പ്രവൃത്തി നടന്നിട്ടില്ല. കെ.എസ്.ഇ.ബി അസി.എക്സി.എഞ്ചിനിയറുടെ 10.02.2017 ലെ EL2 – 1339 / 2017 നമ്പർ കത്ത് പ്രകാരം ഏറ്റവും ഒടുവിലായി 15250 രൂപ സെന്റേജ് ചാർജ്ജ് ആവശ്യപ്പെട്ടതായി കാണുന്നു. പ്രോജക്ട് പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. 122000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 3-9 പശു വളർത്തൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് പശു വളർത്തൽ എസ് സി 28/17

അടങ്കൽ 200000 എസ് സി പി 100000 ഗുണഭോക്തൃവിഹിതം

നിർവ്വഹണം - വെറ്ററിനറി സർജ്ജൻ

ചെലവ് 40000 ബിൽ 8/16-17 30.3.17

20000 vr. No.7P/16-17 30.3.17

മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ 11.1.16 ലെ ജിഒ(എംഎസ്) 4/2016/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് കണ്ടു.

1. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്ന രേഖയില്ല
2. ഗുണഭോക്താക്കളുടെ സമിതി രൂപീകരിച്ചിട്ടില്ല
3. മുൻ വർഷങ്ങളിൽ പശുവളർത്തൽ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തിയില്ല.
4. ജില്ലാ തലത്തിൽ നിശ്ചയിച്ച വിലയും സ്പെസിഫിക്കേഷനും പ്രകാരമുള്ളതാണോ എന്നതിന് രേഖകളില്ല

അപാകതകളുടെ അടിസ്ഥാനത്തിൽ 60000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത

2016 – 17 വർഷത്തിൽ ഹെഡ്മാസ്റ്റർ , ജി.എൽ.പി.എസ് പയ്യടിമീത്തൽ നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 068 / 17 |
| പ്രോജക്ടിന്റെ പേര് | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 4 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 4 ലക്ഷം രൂപ |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വകയിരുത്തിയ തുക | 2 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂപ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 6 / 16-17 തിയ്യതി 22.3.2017 , 4 ലക്ഷം രൂ. |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് | ട്രഷറി എസ്.ബി ചെക്ക് നമ്പർ SB/JC 0961041 / 29.3.2017 പ്രകാരം , 2 ലക്ഷം രൂപ |
| ഭരണാനുമതി | 31 (1)/17 തിയ്യതി 21.02.2017 |
| അംഗീകാരം നല്കിയത് | ശ്രീമതി.ഗീത സി.ഡി.പി.ഒ , 22.2.2017 ലെ 2/2017 ഉത്തരവ് പ്രകാരം. |

4 ലക്ഷം രൂപയിൽ നിന്നും 94 കുട്ടികൾക്കും , 2 ലക്ഷം രൂപയിൽ നിന്നും 93 കുട്ടികൾക്കുമാണ് സ്കോളർഷിപ്പ് നല്കിയത്. ഇതിൽ 12 പേരുടെ ഒഴികെ ബാക്കി എല്ലാവരുടേയും തുക അതാത് ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

തുക കൈപ്പറ്റിയതിന് രശീതുകളൊന്നും ലഭിച്ചിട്ടില്ല. തുകകൾ അതാത് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു എന്നത് ട്രഷറി / ബാങ്ക് അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ കൈപ്പറ്റ് വിവരം പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 3-11 <u>പ്രത്യേക കന്നുകുട്ടി പരിപാലനം - ഗുണഭോക്തൃവിഹിതം പിരിച്ചില്ല ; വികസന ഫണ്ടിൽ നിന്നും തുക അടവാക്കിയതും വിനിയോഗിച്ചതുമായ വിവരമില്ല.</u>

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലനം 196/17

നിർവ്വഹണം വെറ്ററിനറി സർജ്ജൻ

അടങ്കൽ 200000/- വികസന ഫണ്ട്

200000/- ഗുണഭോക്തൃ വിഹിതം

ചെലവ് 200000/- ബിൽ 1/16-17 21.3.17

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 200000/- രൂപ മേൽ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. 16 ഗുണഭോക്താക്കൾക്ക് 12500 രൂപ വീതമുള്ള തുകയാണ് ഇത് . ആയത് കാഫ് ഫീഡ് അസി ഡയറക്ടർക്ക് കൈമാറിയതിന് രേഖകളില്ല. ഗുണഭോക്തൃ വിഹിതമായി പിരിക്കേണ്ട 200000 രൂപ (16 x 12500) പിരിച്ചതായി കാണുന്നില്ല. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്നതിന് രേഖകളൊന്നും ഫയലില്ല. 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ തുക നൽകിയതിന്റെ രേഖകളും വിനിയോഗിച്ചതിന് വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

## 3-12 <u>ചെക്ക് പണമാക്കാതെ ഫയലിൽ സൂക്ഷിക്കുന്നു. മരുന്ന് ലഭിച്ചത് സ്റ്റോക്കിൽ ചേർത്തില്ല</u>

പ്രോജക്ട് മൃഗാശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

അടങ്കൽ 150000 MG(NR)

നിർവ്വഹണം വെറ്ററിനറി സർജ്ജൻ

ചെലവ് 150000 ബിൽ 12/16-17 30.3.17

മേൽ പ്രോജക്ടിനായി മരുന്നു വിതരണം ചെയ്യാൻ ടെണ്ടറിൽ പങ്കെടുത്ത് ഇഎംഡി ആയി രണ്ടു കമ്പനികളിൽ നിന്നും (അലൈഡ് ഏജൻസീസ് ചെക്ക് നം. 10441737 1500, അസോസിയേറ്റ് മെഡിക്കൽസ് ചെക്ക് നം. 10441736/2.3.17 1500) കിട്ടിയ 1500 രൂപ വീതമുള്ള രണ്ടു ചെക്കുകൾ ഫയലിൽ സൂക്ഷിച്ചതായി കണ്ടു. ആയത് നാളിതു വരെ പണമാക്കുകയോ മടക്കി നല്കുകയോ ചെയ്യാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-13 <u>പി.എം.എ.വൈ അധികവിഹിതം നല്കിയത് - കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചില്ല.</u>

2016 – 17 വർഷത്തിൽ പി.എം.എ.വൈ പദ്ധതിക്കുവേണ്ടി 2016 -17 വർഷത്തിൽ കൈമാറിയ തുകയുടെയും

പ്രോജക്ടിന്റേയും വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.054 / 17 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ - അധികവിഹിതം നല്കൽ. |
| വകയിരുത്തിയ തുക | 7 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 3 ലക്ഷം രൂപ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം - സാധാരണ വിഹിതം. |
| ട്രഷറി ബിൽ നമ്പർ , തുക | 04 / 08.03.2017 , 3 ലക്ഷം രൂപ |
| ഭരണാനുമതി | 92/16 തിയ്യതി 12.08.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി.കമറുന്നിസ. കെ , ജോയിന്റ് ബി.ഡി.ഒ . 22.08.2016 ലെ KGM/PMNA/03/2016-17 ഉത്തരവ് പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.അഭിനേഷ് കുമാർ .കെ ,<br>വി.ഇ.ഒ , പെരുമണ്ണ പഞ്ചായത്ത്. |

കുന്ദമംഗലം ബ്ലോക്ക് ഓഫീസിന്റെ 4304000105032891 നമ്പർ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത് . എന്നാൽ ഈ തുകക്ക് കൈപ്പറ്റ് രശീത് , വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 3 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-14 പി.എം.എ.വൈ അധികവിഹിതം കൈമാറൽ (പട്ടികജാതി വിഭാഗം ) - വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

2016 – 17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 45/17 |
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ അധികവിഹിതം നല്കൽ (പട്ടികജാതി വിഭാഗം ) |
| വകയിരുത്തിയ തുക | 3 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 90000 രൂപ |
| ഫണ്ട് | എസ്.സി.പി |
| ട്രഷറി ബിൽ നമ്പർ | 9/16-17 തിയ്യതി 24.03.2017 , 90000 രൂപ |
| ഭരണാനുമതി | 92/16 12.08.2016 |
| അംഗീകാരം നല്കിയത് | ശ്രീമതി.കമറുന്നിസ .കെ, ജോയിന്റ് - ബി.ഡി.ഒ ,KGM/PMNA /03/2016-17 തിയ്യതി 20.8.16 പ്രകാരം. |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശ്രീമതി.രതീദേവി എം.എം , അസി.സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |
| തുക കൈപ്പറ്റിയത് | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| കൈപ്പറ്റ് രശീത് തിയ്യതി | 07.06.2017 |

കൈമാറിയ തുകക്കുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽ പെടുത്തുന്നു. 90000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-15 പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം - കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല

പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായമായി 2016 -17 വർഷത്തിൽ കൈമാറിയ തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 59 /17 |
| പ്രോജക്ടിന്റെ പേര് | പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റിന് ധനസഹായം. |
| വകയിരുത്തിയ തുക | 10000 രൂപ |
| ചെലവഴിച്ച തുക | 10000 രൂപ |
| ഫണ്ട് | തനത് ഫണ്ട് |
| ഭരണാനുമതി | 92 / 16 ,12.8.2016 |
| അംഗീകാരം നല്കിയത് | ശ്രീ.എൻ.സുരേന്ദ്രൻ ഡി.ഡി.പി 22.08.2016 ലെ 8/16-17 നമ്പർ ഉത്തരവ് പ്രകാരം. |
| തുക കൈമാറിയ ചെക്ക് നമ്പർ | 000721 / 8.2.2017 |
| തുക കൈപ്പറ്റിയ ആൾ | സീനിയർ സൂപ്രണ്ട് , PAU, കുന്ദമംഗലം. |
| കൈപ്പറ്റ് രശീത് നമ്പർ | Pau.2.40/17 , 18.2.2017 |
| പ്രോജക്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

ജി.ഒ.(എം.എസ്)188/2015/തസ്വഭവ തിയ്യതി 8.6.2015 പ്രകാരമാണ് തുക കൈമാറിയത്.

ഉത്തരവ് പ്രകാരം കൈമാറിയ തുകക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്.

എന്നാൽ ഇപ്രകാരമുള്ള ഒരു വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതായി കാണുന്നില്ല. അപാകത വിശദീകരിക്കേണ്ടതാണ്. 10000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-16 ഐ.എ.വൈ ഭവന പദ്ധതി - 2015 16 ലെ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച തുക നല്കൽ - വിനിയോഗ സാക്ഷ്യപത്രം ഇല്ല.

2015 -16 ലെ ഐ.എ.വൈ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അധികവിഹിതം നല്കുന്നതിന് വേണ്ടി 2016 -17 വർഷത്തിൽ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിലേക്ക് തുകകൾ വികസനഫണ്ടിൽ നിന്നും , തനത് ഫണ്ടിൽ നിന്നും കൈമാറിയിട്ടുണ്ട് . എന്നാൽ ഇവയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.185 /17 |
| പ്രോജക്ടിന്റെ പേര് | ഐ.എ.വൈ - ഭവന പദ്ധതി - 2015 16 ലെ ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച തുക |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 247000 രൂപ |
| ചെലവഴിച്ച തുക | 247000 രൂപ |
| തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 28000 രൂപ |
| ചെലവഴിച്ച തുക | 28000 രൂപ |
| ആകെ ചെലവഴിച്ച തുക | 275000 രൂപ |
| ട്രഷറി ബിൽ നമ്പർ , തുക | 5/16-17 25.02.2017 , 247000 രൂപ |
| തനത് ഫണ്ടിൽ നിന്നുമുള്ള ഡി.ഡി നമ്പർ ,<br>തുക | 000930 / 06.03.2017 , 28000 രൂപ |
| ഭരണാനുമതി | 3/17 , 09.01.2017 |
| അംഗീകാരം നല്കിയത് | ശ്രീമതി കമറുന്നിസ കെ , ജോയിന്റ് ബി.ഡി.ഒ . 21.01.2017 ലെ kgm/pmna/06/2017 ഉത്തരവ് പ്രകാരം. |
| കൈമാറിയ തുകക്ക് ലഭിച്ച രശീത് | കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.06.2017 ലെ രശീത്. |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസി.സെക്രട്ടറി , പെരുമണ്ണ ഗ്രാമപഞ്ചായത്ത്. |

കൈമാറിയ തുകക്കുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രം കുന്ദമംഗലം ബ്ലോക്ക് ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ല. കൈമാറിയ തുക ,പെരുമണ്ണ ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രമാണ് ലഭ്യമാക്കേണ്ടത്. അപാകത വിശദീകരിക്കേണ്ടതാണ്. 275000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-17 രേഖകളും ഫീസിബിലിറ്റി റിപ്പോർട്ടുമില്ലാതെ കിണർ നിർമ്മാണം.

പ്രോജക്ട് മോട്ടുമ്മൽ കുടിവെള്ള കിണർനിർമ്മാണം 115/17

അടങ്കൽ 200000 തനത് ഫണ്ട്

56700 ധനകാര്യ കമ്മീഷൻ ഗ്രാന്റ്

143300 വികസനഫണ്ട്

400000

നിർവ്വഹണം - അസി എഞ്ചിനീയർ

ടിഎസ് - AEE/KBP/1087/15.16 18.2.16 275000

മോട്ടുമ്മൽ കുടിവെള്ള പദ്ധതിക്കായി കിണർ നിർമ്മിക്കുന്നതിനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പിനായി വേണ്ട താഴെ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. ജല ലഭ്യത ഉറപ്പു വരുത്തുന്നതിന് അംഗീകൃത ഏജൻസി നടത്തിയ ഫീസിബിലിറ്റി ടെസ്റ്റ് റിപ്പോർട്ട്

2. കിണർ നിൽക്കുന്ന സ്ഥലം പഞ്ചായത്തിന് കൈമാറിക്കിട്ടിയതിന് ആധാരത്തിന്റെ കോപ്പി
3. മോണിട്ടറിങ്ങ് റിപ്പോർട്ട്

മേൽ കാണിച്ച അപാകതകൾക്ക് മറുപടിയായി ഫീസിബിലിറ്റി ടെസ്റ്റ് റിപ്പോർട്ടും ആധാരവും ഹാജരാക്കിയെങ്കിലും ഫീസിബിലിറ്റി ലഭിച്ച സ്ഥലവും ആധാരത്തിലെ സ്ഥലവും വ്യത്യസ്തമാണ്. ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് നടത്തിയ തുടർ പ്രവർത്തനങ്ങളുടെ വിവരവും പദ്ധതിയുടെ തൽസ്ഥിതിയും അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | മാർച്ച് 2017 | 200000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | മാർച്ച് 2017 | 400000 | കർഷകർക്ക് പാൽ സബ്സിഡി | 400000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | 21601683 | 119130 | 119130 | |
| കെഎസ്ഇബി | സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ ചാർജ്ജ് | 21601781 | 23256 | 23256 | |
| പിഡബ്ല്യുഡി ഇലക്ട്രിക്കൽ വിംഗ് | പാറ കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | 21601393 | 122000 | - | 122000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ജിഎൽപിഎസ് പയ്യടിമീത്തൽ കുഴൽ കിണർ | 21601382 | 34200 | 34200 | വിനിയോഗ വിവരമില്ല കുഴൽ കിണർ നിർമ്മിച്ചെങ്കിലും വെള്ളം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ.(സ)479/2010 തീയതി.11.02.2010 | 0 | 1346375 | 650000 | 114315 | 696375 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ:

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14,14-15 | 3-1 | 40581 | സുനിൽ കുമാർ കെ എൻ കരാറുകാരൻ | 11601101530/6.6.16 |
| 2013-14,14-15 | 3-1 | 1038 | കെ എൻ കുഞ്ഞാമു,കരാറുകാരൻ | 11601101502/6.6.16 |
| 2013-14,14-15 | 3-1 | 863 | കെ എൻ കുഞ്ഞാമു,കരാറുകാരൻ | 11601101501/6.6.16 |
| 2013-14,14-15 | 3-1 | 945 | കെ എൻ കുഞ്ഞാമു,കരാറുകാരൻ | 11601101529/6.6.16 |
| 2013-14,14-15 | 2-2(1) | 300 | പോസ്റ്റ് മാസ്റ്റർ പെരുമണ്ണ | 11601102460/13.7.16 |
| 2013-14,14-15 | 2-2(1) | 792 | ഫ്രീഡം നോട്ട് ബുക്ക് പെരുമണ്ണ | 11601102694/22.7..16 |
| 2013-14,14-15 | 2-3(1) | 250 | സത്യൻ, ലൈൻമാൻ കെഎസ്ഇബി | 11601103009/3.8.16 |
| 2013-14,14-15 | 2-3(2) | 250 | ബിനീഷ്.ഇ.എം എസ്ജിഎച്ച്എസ് | 11601103406/22.8.16 |
| | | 45019 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2002-03 | 3-6 | 2005-06 | 70.5.3 | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| 2002-03 | 3-12 | 2005-06 | 70.8.4 | കുടിവെള്ള പദ്ധതി |
| 2003-04 | 3-3 | 2006-07 | 3.79.6 | മണൽ വില്പന |
| 2003-04 | 3-4 | 2006-07 | 3.79.10 | കുടിവെള്ള പദ്ധതികൾ |
| 2003-04 | 2-1 | 2006-07 | 3.79.1 | തനത് വരവ് കാലഹരണം |
| 2003-04 | 3-6 | 2006-07 | 3.79.19 | പൊതുമരാമത്ത് പണികൾ |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42074518/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41256483/- |
| വരവിനങ്ങളിലുള്ള നഷ്ടം | 18,480/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 40,182/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2704458 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3-2 | 17,390/- | | ശ്രീ. പി. രാമചന്ദ്രൻ, സെക്രട്ടറി |
| 2-4 | 890/- | | ശ്രീ. സാദിഖ് മഹ്ദൂം, സെക്രട്ടറി |
| 2-5 | 200/- | | |
| 3-2 | | 40182 | വെറ്ററിനറി സർജ്ജൻ |
| ആകെ | 18480 | 40182 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 87067 | ശ്രീ.സാദിഖ് മഹ്ദൂം, സെക്രട്ടറി |
| 3-2 | 424818 | ഡോ: അനഘ, വെറ്ററിനറി സർജ്ജൻ |
| 3-4 | 650000 | ശ്രീമതി.രതീദേവി.എം.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 51373 | ശ്രീജിത് പി,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 34200 | ശ്രീമതി.രതീദേവി.എം.എം, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) |
| 3-8 | 122000 | |
| 3-9 | 60000 | ഡോ.അനഘ, വെറ്ററിനറി സർജ്ജൻ |
| 3-11 | 200000 | ഡോ.അനഘ, വെറ്ററിനറി സർജ്ജൻ |
| 3-13 | 300000 | അഭിനേഷ് കുമാർ കെ, വി.ഇ.ഒ |
| 3-14 | 90000 | രതീദേവി എം എം,അസി സെക്രട്ടറി |
| 3-15 | 10000 | ശ്രീ.സാദിഖ് മഹ്ദൂം, സെക്രട്ടറി |
| 3-16 | 275000 | രതീദേവി എം എം,അസി സെക്രട്ടറി |
| 3-17 | 400000 | ശ്രീജിത് പി,അസി എഞ്ചിനീയർ |
| ആകെ | 2704458 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീജിത്ത് പി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, എൽ എസ് ജി ഡി,പെരുമണ്ണ | വസ്തിയ ഹൗസ്,പൂവങ്ങാട്ട് പറമ്പ്,കോട്ടൂളി പി ഒ,673016 |
| ഡോ.അനഘ | വെറ്ററിനറി സർജ്ജൻ, പെരുമണ്ണ | തച്ചംവള്ളി ഹൗസ്, ചേനോത്ത് NIT പിഓ കോഴിക്കോട് |
| ശ്രീ. പി. രാമചന്ദ്രൻ, സെക്രട്ടറി | | അയ്യിൽ ഹൗസ് പന്തീരാങ്കാവ് 673 019 |
| ശ്രീ. സാദിഖ് മഹ്ദൂം, സെക്രട്ടറി | | കുറ്റിപ്പുറത്ത് കണ്ടി, മുണ്ടിക്കൽ താഴം കോട്ടാം പറമ്പ്, കോഴിക്കോട് 673 008 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | എൽ എഫ് കെ കെ ഡി/പി3 /1481/13 | 6 |
| 2003-04 | എൽ എഫ് കെ കെ ഡി/പി3 /1481/13 | 9 |
| 2005-06 | എൽ എഫ് കെ കെ ഡി/പി3 /1481/13 | 4 |
| 2006-07 | എൽ എഫ് കെ കെ ഡി/പി3 /1481/13 | 4 |
| 2007-08 | എൽ എഫ് കെ കെ ഡി/എസ് 1/582/10 തീയതി-28.01.2011 | 9 |
| 2008-09 | എൽ എഫ് കെ കെ ഡി/പി3 /262/12 തീയതി-23.04.2012 | 8 |
| 2009-10 | എൽ എഫ് കെ കെ ഡി/പി3 /1159/12 തീയതി-25.06.2012 | 36 |
| 2010-11 | എൽ എഫ് കെ കെ ഡി/പി3 /1148/13 തീയതി- | 27 |
| 2012-13 | എൽ എഫ് കെ കെ ഡി/പി3 /1467/14 തീയതി-27.10.2014 | 11 |
| 2013-14,2014-15 | കെ എസ് എ കെ കെ ഡി/പി3/1079/16 തീയതി-20.06.2016 | 17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.3/2128/17 തീയതി 03.06.2017 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

കെ.എസ്.എ/കെ.കെ.ഡി/പി.3/1512/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി – 10.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമണ്ണ ഗ്രമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA/KKD/P-3/1512/2017

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 10.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perumanna Grama Panchayat for the year ended on 2016-17 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Perumanna Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR
District Audit Office, Kozhikode.